പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1790 10.02.2020-ൽ മറുപടിയ്ക്ക്

## വാഹനങ്ങളിൽ ജി. പി. എസ്. ഘടിപ്പിക്കുന്നത്

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പഴയ സ്വകാര്യ ബസ്സുകൾക്കും ചരക്ക് വാഹനങ്ങൾക്കും 2020 മുതൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | പഴയ വാഹനങ്ങളിൽ സമയബന്ധിതമായി VLTD ഘടിപ്പിക്കുന്നതിന് G.O.(P) No. 41/2019/Tran dated 28/11/2019 പ്രകാരം സർക്കാർ ഉത്തരവ് നല്കിയിട്ടുണ്ട്. |
| (ബി) | ടൂറിസ്റ്റ് ബസ്സുകൾ ഉൾപ്പെടെയുള്ള കോൺട്രാക്ട് ക്യാരേജ് വാഹനങ്ങൾക്ക് 2019 ഡിസംബർ 31-ന് മുമ്പ് ജി. പി. എസ്. ഘടിപ്പിക്കണമെന്ന നിർദ്ദേശം പൂർണ്ണ തോതിൽ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ടൂറിസ്റ്റ് ബസ്സുകൾ ഉൾപ്പെടെയുള്ള കോൺട്രാക്ട് ക്യാരേജ് വാഹനങ്ങൾക്ക് 2019 ഡിസംബർ 31 ന് മുമ്പ് ജി.പി.എസ് ഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശം പൂർണ്ണ തോതിൽ നടപ്പിലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ജി.പി.എസ് സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇക്കാര്യം നിരീക്ഷിക്കുന്നതിനായി അതാത് ജില്ലയിലെ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെ (എൻഫോഴ്സ്മെന്റ്) നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ, ജി.പി.എസ്. സംവിധാനം ഘടിപ്പിച്ച വാഹനങ്ങൾക്ക് മാത്രമേ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാവൂ എന്ന് കൂടി നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | സ്കൂൾ വാഹനങ്ങളിൽ ജി. പി. എസ്. ഘടിപ്പിക്കുന്നതിനുള്ള സമയപരിധി എന്നാണ് അവസാനിച്ചത് ;നിലവിൽ എത്ര ശതമാനം സ്കൂൾ വാഹനങ്ങളിൽ അത് ഘടിപ്പിച്ചു; വിശദാംശം നല്കുമോ; | (സി) | സ്കൂൾ വാഹനങ്ങളിൽ ജി.പി.എസ് ഘടിപ്പിക്കുന്നതിനുള്ള സമയ പരിധി 30/11/2019-ൽ അവസാനിച്ചു. സംസ്ഥാനത്ത് പുതുതായി രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങളിൽ നിർബന്ധമായും ജി.പി.എസ് ഘടിപ്പിച്ചിരിക്കണം. പഴയ സ്കൂൾ വാഹനങ്ങളിൽ നിർബന്ധമായും VLTD ഘടിപ്പിച്ചിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണെന്നും ഘടിപ്പിക്കാത്ത വാഹനങ്ങളുടെ സ്കൂൾ അധികൃതർക്ക് കാലതാമസം കൂടാതെ വാഹനങ്ങളിൽ ഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശം അതാത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ നൽകണമെന്ന് അറിയിച്ചിട്ടുണ്ട്. |
| (ഡി) | ജി. പി. എസ്. ഘടിപ്പിക്കാത്ത വാഹനങ്ങൾക്കെതിരെ നിയമനടപടി സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ജി.പി.എസ് സംവിധാനം ഘടിപ്പിച്ച വാഹനങ്ങൾക്ക് മാത്രമേ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ